മണ്ണ് മാറ്റുന്നതിനുള്ള അനുമതി

163(2201) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിൽ കഴിഞ്ഞ 1 വർഷത്തിനിടയിൽ മണ്ണ മാറ്റുന്നതിനായി നൽകിയിട്ടുള്ള അനുമതികളുടെ വിശദവിവരം വ്യക്തമാക്കാമോ;

(ബി) റോഡുകൾക്കും മറ്റുമായി മണ്ണെടുക്കുന്നതിന് പ്രസ്തുത താലൂക്കിൽ നിരോധനം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) താലൂക്കിൽ പൊതു-സ്വകാര്യ ആവശ്യങ്ങൾക്കായി മണ്ണ് മാറ്റുന്നതിന് നിലവിൽ എവിടെയൊക്കെയാണ് അനുമതി നൽകിയിട്ടുള്ളതെന്നും മണ്ണെടുക്കുന്ന പ്രദേശങ്ങളിൽ പരിശോധന നടത്തുവാൻ ആർക്കൊക്കെയാണ് അനുമതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) റോഡുകൾക്കും മറ്റുമായി മണ്ണെടുക്കുന്നതിന് വൈക്കം താലൂക്കിൽ മാത്രമായി പ്രത്യേക നിരോധന ഉത്തരവുകളൊന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും നൽകിയിട്ടില്ല.

(സി) വൈക്കം താലൂക്കിൽ മണ്ണ് നീക്കം ചെയ്യുന്നതിന് നിലവിൽ അനുമതി ഉള്ളവരുടെ ലിസ്റ്റ് അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.* സാധാരണ മണ്ണ് ഖനനം നടക്കുന്ന പ്രദേശങ്ങളിൽ പരിശോധന നടത്തുന്നതിന് റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ, തഹസിൽദാർ, റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവർക്കും ജില്ലാ കളക്ടർക്കും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ ജിയോളജിസ്റ്റ്, ജിയോളജിസ്റ്റ്, അസിസ്റ്റന്റ് ജിയോളജിസ്റ്റ്, മിനറൽ റവന്യൂ ഇൻസ്പെക്ടർ എന്നിവർക്കും പോലീസ് വകുപ്പിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടറിനു മുകളിൽ പദവിയുള്ള പോലീസ് ഉദ്യോഗസ്ഥർക്കും അധികാരമുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly